**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3986** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗുരുവായൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പേര്, തുക, പ്രവർത്തന പുരോഗതി എന്നിവ തരംതിരിച്ച് വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2018-ൽ ഭരണാനുമതി ലഭിച്ച കാഷ്വാലിറ്റി കോംപ്ലക്സ്, പോളി ക്ലിനിക്ക്, സി.എസ്.എസ്.ഡി. എന്നിവയുടെ നിർമ്മാണത്തിനായി 3.07കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | G.O(Rt)No.396/2018/H&FWD തീയതി 02.02.2018 ഉത്തരവ് പ്രകാരം 'Major Construction under DHS'ൽ ഉൾപ്പെടുത്തി ചാവക്കാട് താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി കോംപ്ലക്സ് പണിയുന്നതിന് 150 ലക്ഷം രൂപയുടെയും, പോളിക്ലിനിക് ബിൽഡിംഗ് പണിയുന്നതിന് 110 ലക്ഷം രൂപയുടെയും, താലൂക്കാശുപത്രിയുടെ തന്നെ കാഷ്വാലിറ്റി കോംപ്ലെക്സിന്റെ രണ്ടാം നിലയിൽ സെൻട്രൽ sterile സപ്ലൈ ഡിപാർട്മെന്റ് പണിയുന്നതിന് 47 ലക്ഷം രൂപയുടെയും, ചേർത്ത് ആകെ 3.07 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ G.O(Rt)No.2705/2023/H&FWD തീയതി 17.10.2023 പ്രകാരം നബാർഡ് RIDF ട്രാഞ്ചെ XXIX (2023-2024)-ൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചാവക്കാട് താലൂക്കാശുപത്രി നിർമ്മാണത്തിനായി 1080 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 3.07കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയ്ക്കായി പ്രൊപ്പോസലുകൾ ഒന്നും തന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | സ്ഥാപനം | പദ്ധതിയുടെ പേര് | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | താലൂക്കാസ്ഥാന ആശുപത്രി, ചാവക്കാട്, തൃശ്ശൂർ | ചാവക്കാട് താലൂക്കാസ്ഥാന ആശുപത്രിയുടെ നിർമ്മാണം | 10.8 കോടി (NABARD Fund) | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 2 | സാമൂഹികാരോഗ്യ കേന്ദ്രം, കടപ്പുറം | ഐസോലേഷൻ വാർഡ് | 1.79 കോടി (KIFB + MLA) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 3 | കുടുംബാരോഗ്യകേന്ദ്രം, ഏങ്ങണ്ടിയൂർ | ചേറ്റുവ ആരോഗ്യ ഉപകേന്ദ്ര നിർമ്മാണം | ഹെൽത്ത് ഗ്രാന്റ് 27.75 ലക്ഷം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| 4 | കുടുംബാരോഗ്യകേന്ദ്രം, അണ്ടത്തോട് | 1 ആർദ്രം നവീകരണം | 24.5 ലക്ഷം (NHM & LSGD) | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| | | 2 സബ് സെന്റർ ഹെൽത്ത് & വെൽനെസ്സ് സെന്റർ ആക്കൽ | 29.4 ലക്ഷം (NHM & LSGD) | |
| 5 | സാമൂഹികാരോഗ്യ കേന്ദ്രം, വടക്കേക്കാട് | ഒ.പി., ഐ.പി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം (വാർഷിക പ്ലാൻ 2016-17) | 1 കോടി | Phase -1 ന് നിർമ്മാണം പൂർത്തീകരിച്ചു. Phase-2 ന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു |

| | | | | |
|---|---|---|---|---|
| | | | | വരുന്നു. |
| 6 | കുടുംബാരോഗ്യകേന്ദ്രം, പുന്നയൂർ | കുടുംബാരോഗ്യകേന്ദ്രത്തിലെ കെട്ടിട നിർമ്മാണം | 76 ലക്ഷം (എം.എൽ.എ. ആസ്തി വികസന പദ്ധതി) | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |

## <u>ദേശീയ ആരോഗ്യ ദൌത്യം മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>

| ക്രമ നമ്പർ | സ്ഥാപനം | പ്രവർത്തി | അനുവദിച്ച ഉക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാവക്കാട് | ഒ.പി. നവീകരണം | 1,22,00,000/- | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | സി.എച്ച്.സി. വടക്കേക്കാട് | സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 40,00,000/- | 65% നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | എഫ്.എച്ച്.സി. ഒരുമനയൂർ | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 14,00,000/- | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | എച്ച്.ഡബ്ല്യു.സി.പൂക്കോട് (എഫ്.എച്ച്.സി. പൂക്കോട്) | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7,00,000/- | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | എച്ച്.ഡബ്ല്യു.സി.എടക്കഴിയൂർ (എഫ്.എച്ച്.സി. പുന്നയൂർ) | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7,00,000/- | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 6 | എച്ച്.ഡബ്ല്യൂ.സി.കടിക്കാട് (എഫ്.എച്ച്.സി. അണ്ടത്തോട്) | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7,00,000/- | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ